# തുടക്കത്തിനുള്ള ഒരുക്കമായി ജനാധികാര സന്ദേശയാത്ര

**സി. ആർ. എൻ**

മെയ് പതിനഞ്ചു മുതൽ പത്തു ദിവസം എറണാംകുളം ജില്ലയിലെ പരിസ്ഥിതി സംസ്കാരിക പ്രവർത്തകരുടെ കൂട്ടായ്മ നടത്തിയ 'ജനാധികാര സന്ദേശയാത്ര' പല അർത്ഥത്തിലും വ്യത്യസ്തമായിരുന്നു. ആരേയും പഠിപ്പിക്കാനോ ബോധവൽക്കരിക്കാനോ അല്ല, മറിച്ച് വ്യക്തിതലത്തിലുള്ള ആശയവിനിമയത്തിലൂടെ യാത്രാംഗങ്ങൾക്കുള്ള നിലപാടുകൾ തിരുത്തുകയും ബലപ്പെടുത്തുകയുമാണ് യാത്രയുടെ ലക്ഷ്യമെന്ന് നേരത്തേ തീരുമാനമെടുത്തിരുന്നു. മൈക്കുപയോഗിച്ച് ജനക്കൂട്ടത്തെ അഭിസംബോധന ചെയ്യുകയോ വാഹനങ്ങൾ അകമ്പടി സേവിക്കുകയോ ഉണ്ടായില്ല. നടന്നും വാഹനത്തിലും മറ്റുമായി ജാഥാംഗങ്ങൾ ഓരോ കേന്ദ്രത്തിലുമെത്തിച്ചേർന്നു. അവിടെ വീടുകളിലും സ്ഥാപനങ്ങളിലും കടകളിലും കയറി സംസാരിച്ചു അത്രമാത്രം.

ജില്ലയിലെ പരിസ്ഥിതി സാംസ്കാരി മനുഷ്യാവകാശ പ്രവർത്തകർ പലവട്ടം ഒത്തുചേർന്നു നടത്തിയ ചർച്ചകളുടെ ഫലമായാണ് ഈ യാത്ര രൂപം കൊണ്ടത്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന വ്യത്യസ്ത സമരങ്ങളെ കൂട്ടിയിണക്കി ഒരേ വേദിയിൽ കൊണ്ടുവരാനും ആ വേദിയിൽ നർമ്മദാ ബചാവോ ആന്ദോളൻ നേതാവായ മേധാപട്കറെ പങ്കെടുപ്പിക്കാനു കഴിഞ്ഞതും ഈ പ്രവർത്തനങ്ങൾക്ക് അടിത്തറയായി. ഈ സമരസംഘടനകളെല്ലാം കൂട്ടായ്മയുടെ ഭാഗമാണ്. ലോകത്തെയാകെ നശിപ്പിക്കുന്ന ആഗോളവൽക്കരണത്തെ നിലവിലുള്ള ഒറ്റപ്പെട്ട സാമൂഹ്യ-രാഷ്ട്രീയ-പരിസ്ഥിതി പ്രവർത്തനങ്ങളിലൂടെ ചെറുക്കാനാവില്ലെന്ന തിരിച്ചറിവാണ് ഈ കൂട്ടായ്മയുടെ പ്രേരക ശക്തി.

ആഗോളവൽക്കരണത്തെ സഹായിക്കുന്നതും ചെറുത്തു നിൽപ്പുകളെ ദുർബലപ്പെടുത്തുന്നതുമായ വർഗ്ഗീയതക്കെതിരായ പ്രതിരോധവും ഇതിന്റെ ഭാഗം തന്നെയാണ്. ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയസഖ്യം, ഗാന്ധിപീസ് ഫൗണ്ടേഷൻ, മനുഷ്യാവകാശ സംഘടനയായ പി.യു.സി.എൽ., കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, നിർമ്മാണ-വിപണന മേഖലയിൽ ബദൽ ശ്രമങ്ങൾ നടത്തുന്ന ഹരിതമൈത്രി (അങ്കമാലി), കാർബൺ മലിനീകരണ വിരുദ്ധ സമിതി (കരിമുകൾ), പെരിയാൽ മലിനീകരണ വിരുദ്ധസമിതി (ഏലൂർ), ബി ഒ ടി - ടൂറിസം തുടങ്ങിയ പദ്ധതികൾക്കെതിരായ സമരം നടത്തുന്ന ജനകീയ പ്രതികരണ സമിതി തുടങ്ങിയവയോടൊപ്പം ഒട്ടേറെ സാംസ്കാരിക പരിസ്ഥിതി സംഘടനകളും വായനശാലകളും ഈ കൂട്ടായ്മയിലുണ്ട്. ഏകരൂപ നേതൃത്വമോ 'വ്യവസ്ഥാപിത' സംഘടനാ രീതികളോ ഇല്ലാതെ പ്രവർത്തിക്കുന്നതു തന്നെ ഒരു ബദൽ പരീക്ഷണമാണ്.

ആഗോളവൽക്കരണത്തിന്റെ ബദൽ എന്നത് ഒരു ഒറ്റമൂലിയല്ലെന്നും രാഷ്ട്രീയം, സാമ്പത്തികം, കൃഷി, വ്യവസായം, സാങ്കേതിക വിദ്യ, തൊഴിൽ, മൂലധനം, വിപണി, ഉപഭോഗം, ഊർജ്ജം, ഗതാഗതം ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം, കുടുംബം തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലകളേയും ബാധിക്കുന്ന ഒന്നായിരിക്കണമെന്നും അതു ചർച്ചകളിലൂടെ, പ്രവർത്തനങ്ങളിലൂടെ രൂപപ്പെടേണ്ടതാണെന്നും ഈ കൂട്ടായ്മ കരുതുന്നു. അത്തരമൊരു ചർച്ചക്കു തുടക്കം കുറിക്കാൻ വേണ്ടിയുള്ള ഒരു കരട് മാത്രമാണ് ആഗോളവൽക്കരണത്തിനും വർഗ്ഗീയതക്കെതിരെയുള്ള ജനാധിപത്യബദൽ എന്ന ലഘുലേഖ. ആഗോളവൽക്കരണം അനിവാര്യമാണെന്നും ശാസ്ത്രസാങ്കേതിക വിദ്യകളുടെ വളർച്ചയുടെ ഫലമാണെന്നും ഈ 'സ്വഭാവിക പ്രക്രിയ'യിൽ നിന്നും ആർക്കും ഒഴിഞ്ഞു നിൽക്കാനാവില്ലെന്നുമാണ് സമൂഹത്തിലെ ബഹുഭൂരിപക്ഷവും വിശ്വസിക്കുന്നത്. ഈ നയങ്ങൾ ബഹുരാഷ്ട്ര ശക്തികൾ 'ബോധപൂർവ്വം' രൂപപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളാണെന്നും അതിനെതിരെ ജനകീയമായ ഒരു ബദൽ സാധ്യമാണെന്നും പറയുന്നത് പെട്ടെന്നു സ്വീകരിക്കപ്പെടുന്നില്ല. രാഷ്ട്രീയമായി ഏറെ ധ്രുവീകരിക്കപ്പെട്ട കേരളീയ സമൂഹത്തിൽ ഓരോ വ്യക്തിയും പ്രശ്നങ്ങളെ സമീപിക്കുന്നത്, തന്റെ അനുഭവതലത്തിൽ നിന്നു പോലുമല്ല, മറിച്ച് മുൻകൂറായി രൂപീകരിക്കപ്പെട്ട ധാരണകളിലൂടെയാണ് എന്നതാണ് യാത്രയുടെ ഒരനുഭവം. ഈ യാത്ര ഉയർത്തുന്ന ബദൽ, നിലവിലുള്ള രാഷ്ട്രീയ സാമൂഹ്യ ധാരണകൾക്കുമപ്പുറത്താണ് എന്നു തോന്നുന്നവരിൽ മാത്രമേ ഏന്തെങ്കിലും സംവാദത്തിനു സാധ്യമാവുകയുള്ളൂ. പൊതു മേഖല അല്ലെങ്കിൽ സ്വകാര്യമേഖല എന്ന ദ്വന്ദത്തിനപ്പുറം സാമൂഹ്യമേഖല അല്ലെങ്കിൽ സാമൂഹ്യ ഉടമസ്ഥത എന്ന ബദൽ ഇതിനു നല്ലൊരുദാഹരണമാണ്. വായു, മണ്ണ്, വെള്ളം, കാട് കടൽത്തീരം തുടങ്ങിയവയുടെ മലിനീകരണം തുടങ്ങിയ വിഷയങ്ങളിൽ പോരാടുന്നവർ ഈ ബദലിൽ താൽപ്പര്യമെടുക്കുന്നു. ഈ വിഭാഗങ്ങളുടെ ഉടമസ്ഥത സാമൂഹ്യമാണെന്ന തിരിച്ചറിയുന്നതിലൂടെ വനം സംരക്ഷണത്തിന് വനംവകപ്പിനോ മലിനീകരണം തടയാൻ മലിനീകരണ നിയന്ത്രണ ബോർഡിനോ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്നവർ മനസ്സിലാക്കുന്നു. ഈ വിഭാഗം ആഗോളവൽക്കരണത്തിനെതിരായ ബദലിൽ താൽപ്പര്യം കാണിക്കുന്നു.

യാത്രയിൽ ഓരോ ദിവസവും രണ്ടു വിഷയങ്ങൾ സംബന്ധിച്ച സംവാദം നടന്നു. പലപ്പോഴും സംവാദങ്ങൾ ഏറെ നീണ്ടു പോയി. പ്രഖ്യാപിത വിഷയങ്ങളിൽ നിന്നും മാറി പ്രാദേശിക പ്രശ്നങ്ങളും അവയ്ക്കുള്ള ബദലുകളും എന്ന അർത്ഥത്തിലും ചർച്ച വളർന്നു. 'മാധ്യമരംഗത്തെ ബദലുകൾ', 'ബദലും പ്രതിരോധവും ഓരോ മേഖലയിലും' എന്നീ വിഷയങ്ങളിൽ ചർച്ച നടന്നു.

സോപ്പ്, കട, ബാഗ് തുടങ്ങിയവയുടെ നിർമ്മാണം പരിശീലിപ്പിക്കുന്നതിന് പലയിടത്തും ക്ലാസ്സുകളുണ്ടായി. ഈ യാത്ര ഒരു തുടക്കം പോലുമല്ല, അതിനു മുമ്പുള്ള ഒരുക്കം മാത്രം. എങ്കിലും തുടക്കം സാധ്യമാണെന്ന ബോധ്യം നൽകിയ ഒന്നായിരുന്നു അത്.


## വരിസംഖ്യാ കുടിശ്ശിക അറിയിപ്പ്

വരിസംഖ്യാ കുടിശ്ശിക അറിയിപ്പ് ലഭിച്ചിട്ടും പ്രതികരിക്കാത്ത വരിക്കാർക്ക് അടുത്ത മാസം മുതൽ പത്രം അയക്കുന്നതല്ല. M.O/DD അയയ്ക്കാൻ ബുദ്ധിമുട്ടുള്ളവർ വിവരം അറിയിച്ചാൽ കേരളീയം സുഹൃത്തുക്കൾ മുഖാന്തിരം പണം ശേഖരിക്കാനുള്ള സംവിധാനം ഒരുക്കുന്നതാണ്.

*സർക്കുലേഷൻ മാനേജർ*